# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5539 27.03.2018-ൽ മറുപടിയ്ക്ക്.

## ഭിന്നശേഷിക്കാർക്കുള്ള ഗ്രാമസഭകൾ

| ചോദ്യം<br><br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ഗ്രാമസഭകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായി വിളിച്ച് ചേർക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പ്രസ്തുത ഗ്രാമസഭകൾ ക്രിയാത്മകമായി വിളിച്ച് ചേർക്കുന്നതിനും, പ്രത്യേകം വിവരം നൽകി ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശം നൽകുമോ; | (ബി) | പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് പ്രത്യേക വാർഡ് സഭകൾ വിളിച്ചു ചേർക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രോജക്ട് നിർദേശങ്ങൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രത്യേക യോഗം ചേരണമെന്നത് നിർബന്ധമാണ് |

| | | | |
|---|---|---|---|
| (സി) | ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ മാത്രമാക്കി ഗ്രാമസഭകളെ മാറ്റാതെ ഭിന്നശേഷിക്കാർക്കുള്ള പുതിയ പദ്ധതികൾ നടപ്പാക്കുന്നവയാക്കി മാറ്റുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | ആനുകൂല്യങ്ങൾ നൽകുന്നതിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനോടൊപ്പം ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ക്ഷേമ പരിപാടികളും പുനരധിവാസ - വികസന പരിപാടികളും ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ